**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/056/2024
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: 26/11/2024**

പരാതിക്കാരി : ശ്രീമതി. അജിത.കെ.വി സെക്രട്ടറി താമരശ്ശേരി കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ.1239, താമരശ്ശേരി പി.ഓ , കോഴിക്കോട് - 673573.

എതിർകക്ഷി : ദി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, താമരശ്ശേരി, കോഴിക്കോട്.

## ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരിയായ ശ്രീമതി. അജിത കെ.വി താമരശ്ശേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. പരാതിയ്ക്കാധാരമായ സർവീസ് കണക്ഷൻ എടുത്തിരിക്കുന്നത് ശ്രീ.അബ്ദുൾ കരിം .പി.വി പുത്തൻവീട്ടിൽ ചുങ്കം,താമരശ്ശേരി പി.ഒ , കോഴിക്കോട് എന്ന വ്യക്തിയാണ്. ഈ കണക്ഷൻ നൽകിയിരിക്കുന്നത് 4/4/2016 ൽ ആണ്. ബാംങ്കിംഗ് ആവശ്യത്തിനാണ് വൈദ്യുതി ഉപയോഗിക്കേണ്ടത് എന്ന് അപേക്ഷയിൽ സൂചിപ്പിച്ചിരുന്നതെങ്കിലും ലൈസൻസി തെറ്റായി L T 7 A താരിഫിൽ ചാർജ് ഈടാക്കി വന്നിരുന്നു. Oruma net ൽ രേഖപ്പെടുത്തിയതിൽ വന്ന പിഴവെന്നാണ് ലൈസൻസിയുടെ അവകാശവാദം. ലൈസൻസി 14/06/2023 ൽ നടത്തിയ പരിശോധനയിൽ യഥാർത്ഥ താരിഫ് LT 6 C ആകേണ്ടതാണെന്ന് മനസ്സിലാക്കുകയും അതിനനുസരിച്ചു കണക്ഷൻ ലഭിച്ചതു മുതൽ കുറവു വന്ന തുകയ്ക്ക് ബില്ല് നൽകുകയും ചെയ്തു. ഈ തുക ഒഴിവാക്കാൻ വേണ്ടി ലൈസൻസിയ്ക്ക് അപേക്ഷ നൽകിയെങ്കിലും അതിന് നടപടിയാകാത്തതിനാൽ CGRF ൽ പരാതി സമർപ്പിക്കുകയും നടപടികൾ പൂർത്തിയാക്കി 29/01/2023 ൽ ഉത്തരവിറക്കുകയും ചെയ്തു. അതിന് ലൈസൻസി പുനഃ പരിശോധന ഹർജി നൽകിയത് CGRF തീർപ്പാക്കിയത് 28/06/2024 ൽ ആണ്. അതിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്. ഈ പരാതി സമർപ്പിച്ചിരിക്കുന്നത് ഉപഭോക്താവല്ലാത്തതിനാൽ തന്നെ പരാതി നിയമ പ്രകാരം നില നില്ക്കുമോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

# <u>പരാതിയുടെ നിലനില്പ്</u>

KSERC (CGRF & Electricity Ombudsman ) Regulation 2023 പ്രകാരം ആർക്കൊക്കെ CGRF ലും Ombudsman ലും പരാതി സമർപ്പിക്കാം എന്നത് Clause 2 (6) ൽ വിശദീകരിച്ചിരിക്കുന്നു.

*“ Complainant” means any person who submits the complaint or grievance or representation as defined in these regulations against the distribution licensee and include the following:*

*(i) any consumer of electricity supplied by the licensee as defined under clause ( 15) of section 2 of the Act, including applicants for new connections; or*
*(ii) a voluntary electricity consumer association/ forum or other body corporate or group of electricity consumers; or*
*(iii) the Central Government or State Government - who or which makes the complaint; or*
(iv) *in the case of death of a consumer, his legal heirs or representatives*;

ഉപഭോക്താവ് ആരാണെന്നത് The Electricity Act 2003 ലെ Section 2(15) ൽ നിശ്ചയിച്ചിരിക്കുന്നു. 2(15)

*"consumer" means any person who is supplied with electricity for his own use by a licensee or the Government or by any other person engaged in the business of supplying electricity to the public under this Act or any other law for the time being in force and includes any person whose premises are for the time being connected for the purpose of receiving electricity with the works of a licensee, the Government or such other person, as the case may be;*

ഈ പരാതി വിശദമായി പരിശോധിച്ചതിൽ നിന്നും പരാതിക്കാരി മേൽ പ്രസ്താവിച്ച വിഭാഗങ്ങളിൽ ഒന്നും തന്നെ പെടുന്നില്ല എന്ന് കാണാം. അതിനുള്ള വിശദീകരണം ആരാഞ്ഞുകൊണ്ട് 04/11/2024 ൽ പരാതിക്കാരിയ്ക്ക് കത്തയയ്ക്കുകയും അതിനുള്ള മറുപടി കത്ത് കിട്ടി 5 ദിവസത്തിനകം നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ പരാതിക്കാരി അതിനുള്ള വിശദീകരണം നൽകിയിട്ടില്ലാത്തതിനാൽ തന്നെ യാതൊന്നും മറുപടിയായി നൽകാനില്ല എന്നു അനുമാനിക്കാം. അതിനാൽ തന്നെ ഈ പരാതി നിലനില്ക്കുന്നതല്ല എന്ന് തീരുമാനിക്കുന്നു. യഥാർത്ഥത്തിൽ ആ കെട്ടിടത്തിന്റെ ഉടമയായ ശ്രീ. അബ്ദുൾ കരീമിന്റെ പേരിലുള്ള കണക്ഷനാണ് ഈ പരാതിയിൽ പരാമർശിക്കുന്ന കണക്ഷൻ.

## <u>തീരുമാനം</u>

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. ഈ പരാതി തള്ളി ഉത്തരവാകുന്നു

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/056/2024/            തീയതി:  26/11/24

**<u>അയക്കുന്നത്:</u>**

1. ശ്രീമതി. അജിത.കെ.വി സെക്രട്ടറി താമരശ്ശേരി കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ.1239, താമരശ്ശേരി പി.ഓ , കോഴിക്കോട് - 673573.
2. അസിസ്റ്റന്റ് , എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, താമരശ്ശേരി, കോഴിക്കോട്.

**<u>പകർപ്പ് സമർപ്പിക്കുന്നത്:</u>**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.
3. ചെയർപേഴ്സൺ, CGRF, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ് , ഗാന്ധി റോഡ്, കോഴിക്കോട്